[29-7-2010-ലെ നക്ഷത്ര ചിഹ്നമിടാത്ത 6148, 6149, 6150, 6178, 6179, 6201, 6210, 6213, 6215, 6223, 6225, 6232, 6293, 6296, 6297, 6303, 6304, 6312, 6313, 6314,6318,6322,6323,6324,6325 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

II ചരമോപചാരം

ഭൈറോൺസിങ്ങ് ഷെഖാവത്ത്, എം. പി താമി, ബി. എം ഷെറീഫ് എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ : മുൻ ഉപരാഷ്ട്രപതിയും ബി.ജെ.പി. നേതാവുമായിരുന്ന ഭൈറോൺ സിങ് ഷെഖാവത്ത്, മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായിരുന്ന എം.പി. താമി, മുൻ നിയമസഭാംഗവും സി.പി.ഐ. സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗവും കൊല്ലം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്ന ബി.എം. ഷെറീഫ് തുടങ്ങിയവർ അടുത്ത കാലത്ത് നിര്യാതരായി.

ഭൈറോൺ സിംഗ് ഷെഖാവത്ത്

മുൻ ഉപരാഷ്ട്രപതിയും ബി.ജെ.പി.യുടെ സമുന്നത നേതാവുമായിരുന്ന ഭൈറോൺ സിങ് ഷെഖാവത്ത് 15-5-2010-ന് അന്തരിച്ചു. രാജസ്ഥാനിലെ ശിക്കാർ ജില്ലയിൽ ദേവിസിംഗ് ഷെഖാവത്തിന്റെ മകനായി 1923 ഒക്ടോബർ 23-ന് ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസം പൂർത്തിയാകാതെ പോലീസിൽ ചേർന്ന അദ്ദേഹം 1952-ൽ ജോലി രാജിവയ്ക്കുകയും ജനസംഘത്തിന്റെ സ്ഥാനാർത്ഥിയായി രാജസ്ഥാൻ നിയമസഭയിലേയ്ക്ക് തുടർച്ചയായി മത്സരിക്കുകയും ചെയ്ത അദ്ദേഹം 1972-ൽ മാത്രമാണ് പരാജയപ്പെട്ടത്. 1974 മുതൽ 1977 വരെ രാജ്യസഭാംഗമായിരുന്നു. 1977 മുതൽ 1998 വരെ വ്യത്യസ്ത കാലയളവിലായി 10 വർഷക്കാലം മുഖ്യമന്ത്രിയായിരിക്കെ പാവപ്പെട്ടവർക്ക് ഭക്ഷ്യസഹായം നൽകുന്നതിനായി അദ്ദേഹം നടപ്പാക്കിയ അന്ത്യോദയ പദ്ധതി അന്താരാഷ്ട്ര ശ്രദ്ധനേടി. ദുരാചാരമായ സതിക്കെതിരെ കർശന നിലപാട് കൈക്കൊണ്ട അദ്ദേഹം സമൂഹത്തിന്റെ ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ചു. 2002 ഓഗസ്റ്റ് 19-ന് ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കർഷകന്റെയും കർഷകത്തൊഴിലാളിയുടെയും പ്രശ്നങ്ങളെ നന്നായി അറിയുന്ന നേതാവായിരുന്നു.

കഠിനാദ്ധ്വാനത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായിരുന്ന ഒരു രാഷ്ട്രീയ നേതാവിനെയാണ് അദ്ദേഹത്തിന്റെ നിര്യാണംമൂലം രാജ്യത്തിന് നഷ്ടമായിരിക്കുന്നത്.

എം.പി. താമി

മുൻ നിയമസഭാംഗവും കോൺഗ്രസ് നേതാവുമായിരുന്ന എം.പി. താമി 2010 മെയ് 15-ന് അന്തരിച്ചു. എം.പി. കുഞ്ഞക്കന്റെയും കോച്ചിയുടെയും മകനായി 1938 ജൂലൈ ഒന്നിന് അദ്ദേഹം ജനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

തൃത്താവ നിയമസഭാ മണ്ഡലത്തിൽ നിന്ന് ആറാമത്തേയും എട്ടാമത്തേയും കേരള നിയമസഭയിലേയ്ക്കും ചേലക്കരയിൽ നിന്ന് ഒൻപതാം കേരള നിയമസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് അഡ്വൈസറി കമ്മിറ്റി, ഹൗസിംഗ് ബോർഡ്, കാർഷിക സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി, കൊച്ചിൻ സർവ്വ കലാശാല സെനറ്റ്, കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റ് എന്നിവയിലെ അംഗം, പാലക്കാട് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ നിലയിലും അദ്ദേഹം സേവനം നടത്തിയിരുന്നു. സാമൂഹ്യ രാഷ്ട്രീയ രംഗത്തെ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം സാധാരണക്കാരന്റെ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു.

സാമൂഹ്യ സേവനത്തിനായി സ്വയം അർപ്പിച്ച അദ്ദേഹത്തിന്റെ വേർപാട് കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങൾക്ക് ഒരു നഷ്ടമാണ്.

ബി. എം. ഷെറീഫ്

മുൻ നിയമസഭാംഗവും സി.പി.ഐ. സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗവും കൊല്ലം ജില്ലാസഹകരണ ബാങ്ക് പ്രസിഡന്റുമായ ബി.എം. ഷെറീഫ് 2010 ജൂൺ 20-ന് അന്തരിച്ചു.

മരുതൂർ കുളങ്ങര കണിയാംപറമ്പിൽ ബദറുദ്ദീന്റെയും ഹാത്തിമാ ബീവിയുടെയും മകനായി 1931 ഒക്ടോബർ 26-ന് അദ്ദേഹം ജനിച്ചു. കരുനാഗപ്പള്ളി ഗവൺമെന്റ് ഹൈസ്ക്കൂളിൽ വിദ്യാർത്ഥിയായിരിക്കെ ഉത്തരവാദഭരണത്തിനെതിരായ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയതിന് ക്രൂരമായ പോലീസ് മർദ്ദനത്തിനിരയായി. വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നേടി. തുടർന്ന് അദ്ദേഹം മുഴുവൻ സമയ പാർട്ടി പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു.

5-ാം കേരള നിയമസഭയിലും 6-ാം കേരള നിയമസഭയിലും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭാംഗമായിരുന്നു. രണ്ടു വർഷക്കാലം കൊല്ലം ജില്ലാ കൗൺസിൽ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. ഫാമിംഗ് കോർപ്പറേഷൻ ചെയർമാനായും 2008-ൽ കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായും പ്രവർത്തിച്ചു. കരുനാഗപ്പള്ളി അർബൻ ബാങ്കിന്റെ സ്ഥാപക പ്രസിഡന്റായ അദ്ദേഹം നിരവധി ട്രേഡ് യൂണിയനുകളുടെ നേതാവുമായിരുന്നു.

അദ്ദേഹത്തിന്റെ നിര്യാണംമൂലം ഒരു മാതൃകാ സഹകാരിയേയും കഴിവുറ്റ ഒരു ട്രേഡ് യൂണിയൻ നേതാവിനേയും സർവ്വോപരി മികച്ച ഒരു സംഘാടകനേയുമാണ് കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി അൽപനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly